കേരള സാഹിത്യ അക്കാദമി
തൃശൂർ

# പ്രൊഫ.എം.അച്യുതന്റെ നിര്യാണത്തിൽ കേരള സാഹിത്യ അക്കാദമി അനുശോചനം രേഖപ്പെടുത്തുന്നു

തൃശൂർ : ജീർണിച്ച ഭാവുകത്വത്തിന്റെ സിരകളിൽ പുത്തൻ ചോരയോട്ടം പകർന്നുകൊണ്ടാണ് പ്രൊഫ. എം.അച്യുതൻ 1960-കളിൽ സാഹിത്യവിമർശനരംഗത്ത് സജീവമാകുന്നത്. മലയാളസാഹിത്യത്തെ നവീനസംവേദനക്ഷമതയുടെ പക്ഷത്തുനിന്ന് വിലയിരുത്താൻ, സർഗാത്മകകൃതിയുടെ പുതിയ സൗന്ദര്യാത്മകമാനങ്ങൾ കണ്ടെടുക്കാൻ, ആധുനികകാലത്തിന്റെ കാഴ്ചപ്പാടുകൾക്കൊപ്പം എഴുത്തിൽ സന്നിഹിതമായ മൂല്യവിചാരങ്ങളെ ഇഴപിരിച്ചെടുക്കാൻ എം.അച്യുതൻ പുലർത്തിയ ഔചിത്യവും കൈയൊതുക്കവും ഏറെ അംഗീകരിക്കപ്പെട്ടു. മലയാളനോവലും കഥയും കവിതയും ആഴത്തിലും സമഗ്രമായും പഠിച്ച് അദ്ദേഹം സാധ്യമാക്കിയ വിമർശനഗ്രന്ഥങ്ങൾ മലയാളഭാഷക്ക് കൂടുതൽ കരുത്തും സൗന്ദര്യവും നൽകി.

സാതന്ത്ര്യസമരവും മലയാളസാഹിത്യവും എന്ന അദ്ദേഹത്തിന്റെ ദീർഘമായ ഗവേഷണകൃതി ദേശീയപ്രസ്ഥാനം പ്രചോദനം നൽകിയ സാഹിത്യരചനകളിൽക്കൂടിയുള്ള വിമർശനാത്മകമായ സഞ്ചാരമാണ്. പാശ്ചാത്യസാഹിത്യദർശനം എന്ന ഗ്രന്ഥം പാശ്ചാത്യസാഹിത്യത്തിലെ വിമർശനപദ്ധതികളെയും പ്രസ്ഥാനങ്ങളെയും സൈദ്ധാന്തികമായി വിലയിരുത്തുന്ന ഉജ്ജ്വലമായ ആവിഷ്കാരമാണ്. മലയാളസാഹിത്യത്തിന് അദ്ദേഹം നൽകിയ സംഭാവനകളെ മാനിച്ചുകൊണ്ട് കേരള സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം നൽകുകയുണ്ടായി. സമസ്തകേരളസാഹിത്യപരിഷത്തിന്റെ പ്രസിഡന്റ് എന്ന നിലയിൽ അദ്ദേഹം കേരളീയപൊതുമണ്ഡലത്തിൽ സജീവസാന്നിധ്യമായിരുന്നു. മലയാളവിമർശനകലയ്ക്ക് ശ്രേഷ്ഠസംഭാവനകൾ അർപ്പിച്ച പ്രൊഫ.എം.അച്യുതന്റെ നിര്യാണത്തിൽ കേരള സാഹിത്യ അക്കാദമി അനുശോചനം രേഖപ്പെടുത്തുന്നു.

അക്കാദമി പ്രസിഡന്റ് വൈശാഖന്റെ അധ്യക്ഷതയിൽ ചേർന്ന അനുശോചനസമ്മേളനത്തിൽ അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ അനുശോചനപ്രമേയം അവതരിപ്പിച്ചു.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

തൃശൂർ
09.04.2017